# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 620
## 07.01.2014-ലെ മറുപടിക്ക്

### സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പണമിടപാടുകൾ ബാങ്കുകൾ മുഖേന നടത്തുവാനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ.എം. ആരിഫ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പണമിടപാടുകൾ ട്രഷറിയിൽ നിന്നും പൂർണ്ണമായും മാറ്റുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ&ബി) സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും പണമിടപാടുകൾ ട്രഷറിയിൽ നിന്നും പൂർണ്ണമായും മാറ്റുവാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മാത്രവുമല്ല വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽ തന്നെ നിക്ഷേപിക്കണമെന്ന് 29.8.2009 ലെ 75/09/ധന നമ്പർ സർക്കുലർ പ്രകാരവും 6.1.2012 ലെ 3/12/ധന നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സർക്കാരിന്റെ നയമാണോ; എങ്കിൽ ഈ നയം സംസ്ഥാനത്തിന്റെ പൊതുവായ എന്ത് താൽപര്യമാണ് പ്രകടിപ്പിക്കുന്നത്, വ്യക്തമാക്കാമോ; | |
| (സി) | ശമ്പളം ഉൾപ്പടെ ഒരു ആനുകൂല്യവും ട്രഷറി വഴി നൽകേണ്ടതില്ലെന്ന നിലയിൽ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താണ്; വിദഗ്ദ്ധ പഠനത്തിന്റെയും ശുപാർശയുടേയും പിൻബലം ഈ തീരുമാനത്തിനുണ്ടോ; വിശദമാക്കാമോ; | (സി) ശമ്പളം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ ട്രഷറി വഴി നൽകേണ്ടതില്ലെന്ന നിലയിലുള്ള ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല. |
| (ഡി) | സ്വകാര്യ മേഖലയിലുൾപ്പടെയുള്ള ഏതെല്ലാം ബാങ്കുകളാണ് ഇതിനായി സർക്കാരിനെ സമീപിച്ചിരിക്കുന്നത്; ആർക്കെല്ലാം അനുമതി നൽകിയിട്ടുണ്ട്; കഴിഞ്ഞ സാമ്പത്തികവർഷം ട്രഷറി മുഖേന എന്ത് തുകയുടെ ഇടപാടുകളാണ് | (ഡി) 23.9.2013 ലെ സ.ഉ (പി) 402/11/ധന പ്രകാരം ശമ്പളം പണമായി ട്രഷറികളിൽ നിന്ന് കൈപ്പറ്റുന്നതിന് പകരം, പൊതുമേഖലാ ബാങ്ക് അക്കൗണ്ടുകൾ വഴി ശമ്പളം കൈപ്പറ്റാൻ താൽപര്യമുള്ള ജീവനക്കാർക്ക് അപ്രകാരം ചെയ്യാൻ അനുമതി നൽകിയിരുന്നു. ഇതേത്തുടർന്ന് ഫെഡറൽ ബാങ്ക്, ആക്സിസ് ബാങ്ക് തുടങ്ങിയ |

| | | |
|---|---|---|
| | നടന്നിരുന്നത്; | വിവിധ സ്വകാര്യ ബാങ്കുകൾ ഈ സംരഭത്തിൽ തങ്ങളെ പങ്കാളികളാക്കണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ സ്വകാര്യ ബാങ്കുകളെ ഈ പദ്ധതിയിൽ പങ്കാളികളാക്കിയിട്ടില്ല.കഴിഞ്ഞ വർഷം ട്രഷറി മുഖേന 1,45,993,02,56,301 രൂപയുടെ (ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിമൂന്ന് കോടി രൂപ) ഇടപാടുകളാണ് നടന്നത്. |
| **(ഇ)** | നിലവിലുള്ള തീരുമാനം വഴി ട്രഷറി മുഖേന നടത്തി വരുന്ന ശരാശരി എന്ത് തുകയുടെ ഇടപാടുകളാണ് പ്രതിവർഷം ബാങ്കുകൾ വഴിയാകാൻ പോകുന്നതെന്ന് വിശദമാക്കാമോ? | **(ഇ)** ബാങ്ക്‌വഴി ശമ്പളം വിതരണം ചെയ്യുന്ന സമ്പ്രദായം നിർബന്ധമാക്കിയിട്ടില്ല. ഇത് ഓപ്ഷണൽ ആണ്. ഇപ്പോഴും ഭൂരിഭാഗം വരുന്ന സർക്കാർ ജീവനക്കാർ ട്രഷറിവഴിയാണ് ശമ്പളം സ്വീകരിക്കുന്നത്. ട്രഷറികളിൽ നിന്ന് പണമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൈപ്പറ്റുന്ന രീതിയ്ക്ക് പകരം ആ ആനുകൂല്യങ്ങൾ ജീവനക്കാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന സംവിധാനം ഏർപ്പെടുത്തുന്നതുമൂലം ട്രഷറി വഴിയുള്ള ഇടപാടുകളുടെ എണ്ണത്തിലും തോതിലും യാതൊരു കുറവും ഉണ്ടാകുന്നില്ല. |

**സെക്ഷൻ ഓഫീസർ.**